## ക്രിസ്തു ആയിരിക്കുന്നത്

**I. "ഞാൻ ഒന്നാമത്തവനും ഒടുക്കത്തവനും ജീവനുള്ളവനും ആകുന്നു"—വെളി. 1:17-18**

- ക്രിസ്തു ഒന്നാമത്തവനും ഒടുക്കത്തവനും ആകുന്നു എന്നത് അവൻ ആരംഭിച്ചിരിക്കുന്നത് അവൻ നിവർത്തിക്കുമെന്ന് സൂചിപ്പിക്കുന്നു.
- കർത്താവായ യേശു ഒന്നാമത്തവൻ മാത്രമല്ല, പിന്നെയോ ആരംഭവും, ഒടുക്കത്തവൻ മാത്രമല്ല, പിന്നെയോ അവസാനവും ആകുന്നു
  - കർത്താവായ യേശുവിന് മുമ്പോ ശേഷമോ ഒന്നുമില്ലെന്നു മാത്രമല്ല, അവനെക്കൂടാതെ ഒരു ഉത്ഭവമോ പരിണതിയോ ഇല്ല
  - തന്റെ പ്രത്യുദ്ധാരത്തിൽ അവൻ ആരംഭിച്ചത് അവൻ നിവർത്തിക്കും
- സഭകളുടെ തലയായവനും, സഭകളുടെ ഉടമസ്ഥനു മായവനുമായ, സഭകളുടെ മധ്യേ നടക്കുന്നവൻ ജീവ നുള്ളവനാണ്; തന്മൂലം, ശരീരത്തിന്റെ ആവിഷ്കാര മായ സഭകളും ജീവനുള്ളതും, പുതുമയുള്ളതും, ശക്തവുമായിരിക്കണം

**II. "ഞാൻ മരിച്ചവനായിത്തീർന്നു, ഇതാ, എന്നെന്നേക്കും ജീവിക്കുന്നു"—1:18**

- ക്രിസ്തു മരണത്തിലേക്ക് പ്രവേശിച്ചു, എന്നാൽ അവൻ പുനരുത്ഥാനമായതുകൊണ്ട് മരണത്തിന് അവനെ പിടിച്ചുവയ്ക്കുവാൻ കഴിഞ്ഞില്ല
- ക്രിസ്തു ജീവനുള്ളവനായിരിക്കുന്നതിന്റെ പ്രാധാന്യം, അവൻ എന്നേക്കും ജീവിക്കുന്നവനും നമ്മിൽ ജീവിക്കുന്നവനും ആകുന്നു എന്നതാണ്
  - നാം എത്രത്തോളം ജീവനുള്ളവരാകുന്നുവോ അത്രത്തോളം നാം ജീവനുള്ള യേശുവിന്റെ സാക്ഷ്യമാണ്

## ക്രിസ്തു മരണശേഷം ദൈവത്തിന്റെ ജയത്തെ പ്രഖ്യാപിച്ചു

**III. "അതിൽ അവൻ [ക്രിസ്തു] പോയി തടവിലുള്ള ആത്മാക്കളോട് പ്രഖ്യാപിക്കുകയും ചെയ്തു"—1 പത്രൊ. 3:19**

- ഇവിടെ ആത്മാക്കൾ എന്നത് പാതാളത്തിൽ പിടിച്ചു വച്ചിരിക്കുന്ന മരിച്ചുപോയ മനുഷ്യരുടെ ശരീരരഹി തമായ ആത്മാക്കളെയല്ല, പിന്നെയോ നോഹയുടെ കാലത്ത് അനുസരണക്കേടിലൂടെ വീണുപോയവരും മഹാദിനത്തിലെ ന്യായവിധിക്കായി കാത്തിരുന്നു കൊണ്ട് ഇരുണ്ട ഗർത്തങ്ങളിൽ തടവിലാക്കപ്പെട്ടിരുന്ന വരുമായ ദൂതന്മാരെ സൂചിപ്പിക്കുന്നു
- ജഡത്തിലുള്ള തന്റെ മരണത്തിനുശേഷം, ക്രിസ്തു തന്റെ ദിവ്യത്വമായ തന്റെ ജീവനുള്ള ആത്മാവിൽ ഈ മത്സരികളായ ദൂതന്മാരുടെ അടുക്കൽ, ദൈവത്തിന്റെ ജയത്തെ പ്രഖ്യാപിക്കുവാനായി പോയി.
- തടവറ എന്നത് വീണുപോയ ദൂതന്മാരെ സൂക്ഷിച്ചിരിക്കുന്ന ആഴമുള്ള ഇരുണ്ട ഗർത്തങ്ങളായ താർതാറോസിനെ സൂചിപ്പിക്കുന്നു

## ക്രിസ്തുവിന് നമ്മുടെ ദേഹിയുടെ അഗാധത്തിലേക്ക് ഇറങ്ങിച്ചെല്ലുവാൻ കഴിയും

**IV. "ആകാശത്തുനിന്ന് ഒരു നക്ഷത്രം ഭൂമിയിൽ വീണുകിടക്കുന്നത് ഞാൻ കണ്ടു, അവന് അഗാധകൂപത്തിന്റെ താക്കോൽ നൽകി"—വെളി. 9:1**

- ഇവിടെ നക്ഷത്രം സാത്താനെ സൂചിപ്പിക്കുന്നു
- "ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് മുകളിലേക്ക് കൊണ്ടുവരാൻ അഗാധത്തിലേക്ക് ആർ ഇറങ്ങിച്ചെല്ലും?"—റോമ. 10:7
- "അഗാധം" എന്ന് വിവർത്തനം ചെയ്തിരിക്കുന്ന യവനപദം അബിസോസ് ആണ്. ഈ പദം:
  - ലൂക്കൊസ് 8:31-ൽ ഭൂതങ്ങളുടെ വാസസ്ഥലമാണ്
  - വെളിപ്പാട് 9:1-2, 11-ൽ "വെട്ടുക്കിളികൾ" പുറപ്പെട്ടുവരുന്ന സ്ഥലമാണ്
  - വെളിപ്പാട് 11:7, 17:8-ൽ ഇത് എതിർക്രിസ്തുവായ മൃഗം കയറിവരുന്ന സ്ഥലമാണ്.
  - വെളിപ്പാട് 20:1, 3-ൽ സഹസ്രാബ്ദ കാലത്ത് സാത്താനെ തള്ളിക്കളയുകയും തടവിലാക്കു കയും ചെയ്യുന്ന സ്ഥലമാണ്.
  - റോമർ 10:7-ൽ ക്രിസ്തു തന്റെ മരണശേഷവും പുനരുത്ഥാനത്തിനുമുമ്പും സന്ദർശിച്ച സ്ഥലമാണ്
  - പ്രവൃത്തികൾ 2:24, 27-ൽ ഈ സ്ഥലം പാതാളമാണ്
  - അഗാധത്തിലേക്ക്, ക്രിസ്തു തന്റെ മരണശേഷം ഇറങ്ങുകയും, അതിനെ അവൻ കീഴടക്കുകയും, അവിടെനിന്ന് തന്റെ പുനരുത്ഥാനത്തിൽ മേലോട്ട് കയറുകയും ചെയ്തു

## മരണത്തിന്റെയും പാതാളത്തിന്റെയും താക്കോലുകൾ ക്രിസ്തുവിന്റെ കൈവശമാണ്

**V. വെളിപ്പാട് 1:18-ൽ കർത്താവായ യേശു പറയുന്നു: "മരണത്തിന്റെയും പാതാളത്തിന്റെയും താക്കോലുകൾ എന്റെ കൈവശം ഉണ്ട്"**

- മനുഷ്യന്റെ വീഴ്ചയും പാപവും നിമിത്തം മരണം കടന്നുവരികയും അത് ഇപ്പോൾ ഭൂമിയിൽ എല്ലാ പാപികളായ ആളുകളെ ശേഖരിക്കുവാനും അവരെ മരിച്ചവരെ സൂക്ഷിക്കുന്ന സ്ഥലമായ പാതാളത്തിലേക്ക് കൊണ്ടുവരാൻ വ്യാപരിക്കുന്നു
- എങ്കിലും സഭാജീവിതത്തിൽ, നാം ഇനി മരണത്തിനും പാതാളത്തിനും വിധേയരല്ല
- ക്രിസ്തു ക്രൂശിൽവച്ച് മരണത്തെ ഇല്ലാതാക്കുകയും, തന്റെ പുനരുത്ഥാനത്തിൽ അവൻ പാതാളത്തെ ജയിക്കുകയും ചെയ്തു
  - ക്രിസ്തു അനശ്വരമായ ജീവൻ കൈവശമുള്ള, ദൈവവും പുനരുത്ഥാനവുമാണ്
  - അവൻ ഇങ്ങനെയുള്ള എന്നേക്കും ജീവിക്കുന്നവനായതുകൊണ്ട്, മരണത്തിന് അവനെ പിടിച്ചുവയ്ക്കുവാൻ കഴിയില്ല.
  - ക്രിസ്തുവിനെ സംബന്ധിച്ചിടത്തോളം, മരണത്തിന് ഒരു വിഷമുള്ളുമില്ല, പാതാളത്തിന് ശക്തിയുമില്ല
- സഭയിൽ മരണത്തിന്റെയും പാതാളത്തിന്റെയും താക്കോലുകൾ കൈവശം വച്ചിരിക്കുന്നവൻ ക്രിസ്തു ആയതുകൊണ്ട്, മരണത്തിനും പാതാളത്തിനും നമ്മുടെമേൽ യാതൊരു ശക്തിയും ഉണ്ടായിരിക്കരുത്
- സഭാജീവിതത്തിൽ മരണത്തിന്റെയും പാതാളത്തിന്റെയും താക്കോലുകൾ കർത്താവിന്റെ കൈയിലാണ്
- കർത്താവായ യേശുവിന് നമ്മൾ അടിത്തറയും, അവസരവും, നമ്മുടെ ഇടയിൽ നീങ്ങുവാനും പ്രവർത്തിക്കാനുമുള്ള സ്വതന്ത്ര വഴിയും നൽകുന്നുവെങ്കിൽ, മരണവും പാതാളവും അവന്റെ നിയന്ത്രണത്തിൻ കീഴിലായിരിക്കും
- മരണത്തിന്റെയും പാതാളത്തിന്റെയും താക്കോലുകൾ ക്രിസ്തുവിന്റെ പക്കലുള്ളതിനായി നാം കർത്താവിനെ സ്തുതിക്കണം